بسم الله الرحمن الرحیم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 27/11/2015

## (14 SAFAR 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## THE MUSLIM YOUTHS ARE GOING ASTRAY / മുസ്ലീം യുവാക്കൾ വഴി തെറ്റുന്നു.

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വ്ദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം, **മുസ്ലീം യുവാക്കൾ വഴി തെറ്റുന്നു** എന്ന വിഷയത്തെക്കുറിച്ച് തന്റെ പ്രഭാഷണം ആരംഭിച്ചു.

മുസ്ലീം യുവതീ യുവാക്കളെപ്പറ്റി, പ്രായമായ അനേകം ആളുകൾ, അവരുടെ അനുഭവങ്ങൾ ഞാനുമായി പങ്കുവയ്ക്കുകയുണ്ടായി. അതി കഠിനമായ പരീക്ഷണങ്ങളെ അഭിമുഖീകരിക്കുമ്പോഴും, എന്റെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളുടെയും മേൽ, നിസ്സഹകരണവും, പീഢനങ്ങളും തുടരുമ്പോഴും, അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, എനിക്ക് നിസ്സഹായനായി നോക്കി നിൽക്കാൻ ആവില്ല; അവരെ ഭയക്കാനുമാവില്ല. നമ്മുടെ യുവതീ യുവാക്കൾ വഴികേടിലാകുന്നത് നോക്കിയിരിക്കാനും കഴിയില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എന്തു തന്നെ സംഭവിച്ചാലും, സൃഷ്ടികളെ എനിക്ക് അശേഷവും ഭയമില്ല എന്ന് തുറന്നു പറയുകയും, ഒരു ദൗത്യം പൂർത്തീകരിക്കുവാനാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്, അത് ഞാൻ പൂർത്തീകരിക്കുക തന്നെ ചെയ്യും. ഇസ്ലാമിന്റെ സംരക്ഷകർ എന്ന് അവകാശപ്പെടുന്നവരുടെ പീഢനങ്ങളും വായാടിത്തരങ്ങളും പരിഗണിക്കാതെ ! അവർ ചെയ്യേണ്ട ഇസ്ലാമിക പ്രവർത്തനങ്ങൾ അവർ നിർത്തിവച്ചപ്പോൾ, അവർ അവഗണിച്ചപ്പോൾ, അല്ലാഹു (ത) അവന്റെ ഖലീഫയെ ഉയർത്തി, ഒരു ജമാഅത്തുമായി, ഈ മഹത്തായ കാര്യം നിർവ്വഹിക്കുവാനായി, നമ്മുടെ പ്രിയ പ്രവാചകൻ (സ) ചെയ്ത അതേ പ്രവർത്തി തുടരുവാനായി ! നിങ്ങൾക്ക് കഴിയുന്നതൊക്കെ ചെയ്ത് നോക്കുക, എന്നാൽ നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രകാശത്തെ ഇല്ലാതാക്കുവാൻ  കഴിയുകയില്ല; ഞാൻ നിങ്ങളോട് പറയുന്നു, അല്ലാഹു (ത) അവന്റെ പ്രകാശത്തെ പൂർത്തിയാക്കുന്ന പ്രവർത്തി തുടർന്നുകൊണ്ടിരിക്കുന്നതാണ്. അല്ലാഹു (ത)ക്ക് ആരുടെയും അനുവാദം ആവശ്യമില്ല. അവൻ അവന്റെ തെരഞ്ഞെടുത്ത ദാസനെ ഉയർത്തുമ്പോൾ, ഒരാളോടും അതിന്റെ കണക്ക് ബോധിപ്പിക്കേണ്ടതുമില്ല. നിങ്ങളുടെ കാര്യം (നമ്മുടെ എതിരാളികൾ) അനന്തര ഫലത്തെ നിങ്ങൾ കാത്തിരുന്നു കൊള്ളുക. നിങ്ങളുടെ പ്രവർത്തികൾക്കുള്ള പ്രതിഫലം അല്ലാഹു (ത) യുടെ മുമ്പിലുണ്ട് !

**മുസ്ലീം യുവാക്കളോട്**:– ഇന്ന് നാം കണ്ടു കൊണ്ടിരിക്കുന്നതെന്താണ് ? നമ്മുടെ മുസ്ലീം യുവനിര പൂർണ്ണമായും വഴികേടിലായിരിക്കുന്നു എന്ന് പറയുന്നത് വളരെ വിഷമമുള്ള കാര്യമാണ്. മുസ്ലീം പെൺകുട്ടികൾ അമുസ്ലീം ആൺകുട്ടികളുമായി എല്ലാ തെരുവിലും കാണുന്നു എന്നത് ദുഃഖകരമായ കാര്യമാണ്. അവർ ബോളിവുഡും ഹോളിവുഡും നടീനടന്മാരെപോലെ ഓടി നീങ്ങികൊണ്ടിരിക്കുന്നു. ഇസ്ലാമിന്റെ മാന്യതയും പ്രതിച്ഛായയും അവരുടെ കാലടികളിൽ ചവിട്ടി അരയ്ക്കപ്പെടുന്നു. എന്നത് ഏറ്റവും മോശമായ കാര്യം തന്നെയല്ലേ ? ഇവയ്ക്കെല്ലാം പുറമെ അവരെ ബീർ ശാലകളിലും പ്രത്യക്ഷപ്പെടുന്നതായി കാണാം. ഈ മുല്ലാക്കളൊക്കെ എവിടെപോയി ? ഇസ്ലാമിന്റെ വലിയ സംരക്ഷകരല്ലേ ? അവർ അന്ധന്മാരായി പോയോ ? ഈ യുവതീ യുവാക്കൾ തെരഞ്ഞെടുത്ത വഴി ഏതാണെന്ന് അവർ കാണുന്നില്ലേ ?

നിങ്ങളെ സംബന്ധിച്ച്,രക്ഷകർത്താക്കളെ നിങ്ങളുടെ കാര്യത്തിൽ ഞാൻ വിധി പറയുകയല്ല എന്നാൽ ഞാൻ ചോദിക്കുകയാണ്, നിങ്ങൾ ഇപ്പോൾ നിങ്ങളുടെ മക്കളുമായി സംസാരിക്കുന്നുണ്ടോ ? വ്യർത്ഥമായ കാര്യങ്ങളിലും സംസാരങ്ങളിലും സമയം നഷ്ടപ്പെടുത്തുകയല്ലേ ചെയ്യുന്നത് ? ഉദാഹരണത്തിന് വ്യർത്ഥ

മായ ടി.വി. സീരിയലുകൾ കാണുക, അല്ലെങ്കിൽ അയൽവാസികളുമായി വ്യർത്ഥ സംഭാഷണത്തിൽ ഏർപ്പെടുക തുടങ്ങിയവ. ഇവയ്ക്ക് പകരം നിങ്ങൾ നിങ്ങളുടെ മക്കളുമായി സംസാരിക്കുക. അവരുടെ ദൈനംദിന ജീവിതത്തിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നറിയാൻ; രക്ഷകർത്താക്കൾ നിശ്ചയമായും അതറിഞ്ഞിരിക്കണം. നിങ്ങൾ മുല്ലാക്കളെയും ഇസ്ലാമിന്റെ വലിയ സംരക്ഷകരെന്ന് അവകാശപ്പെടുന്നവരേയും കണക്കിലെടുക്കരുത് ! സ്നേഹത്തിന് പകരം, അവർ ഞങ്ങൾക്കെതിരിൽ മുസ്ലീങ്ങളുടെ ഹൃദയങ്ങളിൽ ശത്രുതയാണ് സൃഷ്ടിക്കുന്നത്. ജനങ്ങളുടെ വിശ്വാസത്തെ സംബന്ധിച്ച് അവർ വിധിപറയുകയാണ്. ആരാണ് കാഫിർ ? ആരാണ് വിശ്വാസി ? മാത്രമല്ല പ്രസംഗ വേദികളിൽ അവർ എല്ലാവിധ തെറ്റായ കാര്യങ്ങളും ഉത്ക്രോശിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവരുടെ പണി, ഞങ്ങൾക്കെതിരിൽ, മുസ്ലീങ്ങളുടെ ഹൃദയങ്ങളിൽ വെറുപ്പ് സൃഷ്ടിക്കലാണ്; കുഴപ്പം സൃഷ്ടിക്കലാണ്. ഇതല്ലാതെ മറ്റൊരു ജോലിയും അവർക്കറിയില്ല എന്നതാണ് വസ്തുത. ഇസ്ലാമിന്റെ പേരിലുള്ള മതം, അല്ലാഹു (ത) സമ്പൂർണ്ണമാക്കിയ മതം, അതിലാണ് അല്ലാഹു (ത) തന്റെ ഏറ്റവും ശ്രേഷ്ഠനായ പ്രവാചകനെ വിശുദ്ധ ഖുർആൻ നൽകി നിയോഗിച്ചത്, ആരെന്ത് പറഞ്ഞാലും അതിലൊരു സംശയവുമില്ല. ഈ മതത്തെ അവർ ഭയപ്പെടുന്നു. ഈ ആളുകളാണ് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ ചവിട്ടി മെതിക്കുന്നത്; പകരം അനേകം നൂതനാചാരങ്ങൾ അതിൽ കൊണ്ടുവരുകയും ചെയ്തു. പ്രവാചകന്മാർ വരുന്ന വാതിലുകൾ അവർ കൊട്ടിയടച്ചു; വെളിപാടുകളുടെ വാതിലുകളും അടച്ചു. പതിനായിരക്കണക്കിന് മുസ്ലീംങ്ങളെ വഴിതെറ്റിക്കുവാനുള്ള എല്ലാ കർമ്മങ്ങളും അവർ ആവിഷ്ക്കരിച്ചു. അവസാനം വന്നവർ അവരുടെ കള്ളങ്ങളിൽ വിശ്വസിക്കുവാനിടയായി.

നമുക്കെല്ലാപേർക്കുമറിയാം ഹസ്രത് ജിബ്രീൽ (അ) വെളിപാടുകൾ കൊണ്ടുവരുന്ന മലക്കാണെന്ന്, അദ്ദേഹമാണ് ദിവ്യവെളിപാടുകൾ കൊണ്ടുവരുന്നത്. അല്ലാഹു (ത) അവന്റെ ദൂതനെ നിയോഗിക്കുമ്പോൾ ! എന്നാൽ, ഇപ്പോൾ, ഈ മുല്ലാക്കൾ വെളിപാടുകളുടെയും പ്രവാചകന്മാരുടെയും വാതിലുകൾ കൊട്ടിയടച്ചു. ഹസ്രത് ജിബ്രീൽ (അ) നെ ജോലിയില്ലാത്താളാക്കി മാറ്റി. അവരുടെ ഫത്വ പ്രകാരം ഇനിമുതൽ ജിബ്രീൽ (അ) ന് ഒരു ജോലിയും ഇല്ല. കാരണം അദ്ദേഹത്തിന്റെ ജോലി വെളിപാടുകൾ എത്തിക്കലായിരുന്നു. പകരം ഇപ്പോൾ അവർ പറയുന്നത്, ജിബ്രീൽ (അ) ന് ഇപ്പോൾ ആളുകളുടെ ജീവൻ പിടിക്കലാണ്. ഹസ്രത് ജിബ്രീൽ (അ) ന് ഇപ്പോൾ ജോലി ഇല്ലാത്തതിനാൽ അദ്ദേഹത്തിന് അവരിപ്പോൾ ഒരു ജോലി കണ്ടെത്തിയിരിക്കുകയാണ്. ജനങ്ങളുടെ ജീവനെ പിടിക്കുക. അഹോ കഷ്ടം ! ഇവർ എന്ത് അധമതയിലാണ് ആണ്ടു കിടക്കുന്നത് ? അല്ലാഹു (ത) ഈ വിനീതനെ ഉയർത്തിയില്ലായിരുന്നുവെങ്കിൽ, ഒരു ജമാഅത്തും, അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും അവനെനിക്ക് നൽകിയില്ലായിരുന്നുവെങ്കിൽ, നബീകരീം (സ) ന്റെ ഉമ്മത്തിന് എന്താകുമായിരുന്നു സംഭവിക്കുന്നത് ? അല്ലാഹു (ത) അവന്റെ ദൂതനോട് അറിയിച്ചിരിക്കുന്നു / പ്രവചനം ചെയ്തിരിക്കുന്നു. അത്തരം മുല്ലാക്കളെ സംബന്ധിച്ച് അവരെ ഏത് വിഭാഗത്തിൽ അവൻ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും പറഞ്ഞിരിക്കുന്നു. ഇക്കാലത്ത് നമ്മുടെ നയനങ്ങൾ കൊണ്ട് ഈ പ്രവചനം പൂർത്തിയായിരിക്കുന്നത് നാം കാണുന്നു. ഇനി നിങ്ങൾ ഇതു കാണുന്നില്ലെങ്കിൽ, നിങ്ങളാണ് യഥാർത്ഥത്തിൽ അന്ധരായിതീർന്നിരിക്കുന്നത്; ഇത് വളരെ ഗൗരവകരമായ കാര്യം തന്നെയാണ്!

മുസ്ലീം യുവതീ യുവാക്കൾ എന്ന വിഷയത്തിലേക്ക് തന്നെ നമുക്ക് മടങ്ങി വരാം. ഇസ്ലാമിക വ്യവസ്ഥ അനുസരിച്ച് മുസ്ലീം പെൺകുട്ടികൾ വസ്ത്രധാരണം നടത്തുന്നില്ലായെന്നത് വളരെ ഖേദകരം തന്നെ! കോളേജുകളിലും, സർവ്വകലാശാലകളിലും, തൊഴിൽ ലോകത്തിലേക്കും പോകുന്നവർ അനിസ്ലാമിക വസ്ത്രധാരണമാണ് നടത്തുന്നത്. അമുസ്ലീങ്ങൾ എന്ന നിലയിൽ തന്നെയാണ് അവരുടെ പെരുമാറ്റവും. ഇത് തികച്ചും അപമാനകരം തന്നെ.

ഒരു ആഫീസിൽ ആരെങ്കിലും എന്തെങ്കിലും കാര്യത്തിനായി പ്രവേശിച്ചാൽ, ഗവൺമെന്റ് ആഫീസിലായാലും ശരി സ്വകാര്യ ആഫീസിലായാലും ശരി, അവിടുത്തെ ജീവനക്കാരിൽ മുസ്ലീങ്ങളാരാണ്, അമുസ്ലീകളാരാണ് എന്ന് തിരിച്ചറിയുവാൻ കഴിയുകയില്ല. ഇരുകൂട്ടരും തമ്മിൽ യാതൊരു വ്യത്യാസവും കാണാൻ കഴിയില്ല. ആയതിനാൽ രക്ഷകർത്താക്കൾ, വിശിഷ്യമാതാവ്, തന്റെ മകൾ എങ്ങനെയാണ് വസ്ത്രധാരണം

നടത്തേണ്ടത് എന്ന ശിക്ഷണം നൽകേണ്ടതാണ്. മകൾ വിവാഹിതയാണെങ്കിൽ അവൾ എപ്രകാരമാണ് വസ്ത്രധാരണം നടത്തേണ്ടത് എന്ന് ഗുണദോഷിക്കേണ്ടത് ഭർത്താവാണ്! നിങ്ങൾ, ഭർത്താവ് നിങ്ങളുടെ ഭാര്യ എങ്ങിനെയാണ് വസ്ത്രധാരണം നടത്തേണ്ടത് എന്ന് ഗുണദോഷിക്കുന്നില്ലെങ്കിൽ, വിശിഷ്യാ പൊതു സദസ്സുകളിൽ, സഹപ്രവർത്തകരുടെ ഇടയിൽ, ജോലി സ്ഥലത്ത് സ്ത്രീകളും പുരുഷന്മാരും ഇടകലർന്ന് ജോലിചെയ്യേണ്ടി വരുന്ന സ്ഥലത്ത്, അത് ഒട്ടും തന്നെ ആശാസ്യമല്ല. ചില മുസ്ലീം രക്ഷകർത്താക്കളും, ഭർത്താക്കൻമാരും തങ്ങളുടെ കുട്ടികളും, ഭാര്യമാരും ഇഹലോക നേട്ടങ്ങളിൽ മാത്രം ലക്ഷ്യമിട്ടാൽ മതി എന്ന് കരുതുന്നത് വളരെ സങ്കടകരം തന്നെ! കോളേജിൽ പഠിക്കുന്ന പെൺകുട്ടികൾ, യുവത്വത്തിന്റെ മാസ്മരികതയിൽ, വളരെ മോശമായ നിലയിൽ വസ്ത്രധാരണം ചെയ്യുന്നു. അവർ ധരിക്കുന്ന വസ്ത്രങ്ങൾ (യൂണിഫോം) എത്തരത്തിലുള്ളതാണെന്ന് ഓരോരുത്തരും നോക്കി കാണേണ്ടതാണ്. തന്റെ മകൾ സ്കൂളിൽ / കോളേജിൽ പോകുമ്പോൾ ഏത് തരം വസ്ത്രങ്ങളാണ് ധരിക്കുന്നത് എന്ന് ഒരു മാതാവ് ശ്രദ്ധിക്കേണ്ടതല്ലേ ? ഇക്കാര്യത്തിൽ കണ്ണടയ്ക്കുന്ന രക്ഷകർത്താക്കൾ, ഇഹലോക നേട്ടങ്ങളിൽ മാത്രം തങ്ങളുടെ കുട്ടികളെ ലക്ഷ്യമിടുന്നവർ, അവരുടെ പഠന നേട്ടങ്ങൾമാത്രം നോക്കികാണുന്നവർ, ആത്മീയതയിലുള്ള പഠനത്തേയും അവരുടെ പുരോഗതിയെയും അൽപം പോലും പരിഗണിക്കുന്നില്ല. ഭൗതിക പഠന മേഖലകളിൽ അവർ പുരോഗതി പ്രാപിക്കുന്നത് കാണുമ്പോൾ, രക്ഷകർത്താക്കൾ, അവർ സന്തോഷഭരിതരായി തീരുന്നു. നിങ്ങൾ മനസ്സിലാക്കണം ദീൻ വിദ്യാഭ്യാസം / ഇസ്ലാമിക വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ റബ്ബിന്റെ മുമ്പിൽ ഇതിനെക്കാൾ വിലപിടിപ്പുള്ള മറ്റൊന്നുമില്ല. നിങ്ങളുടെ കുട്ടികളെ / യുവതീ യുവാക്കളെ നല്ല നിലയിൽ നിങ്ങൾ പരിശീലിപ്പിക്കണം, അങ്ങനെയായാൽ അവർ നിങ്ങൾക്കൊരപമാനമായി തീരില്ല. അവരുടെ പ്രവർത്തനങ്ങളിലൂടെയും അവരുടെ മോശം പെരുമാറ്റത്തിലൂടെയും! ഇസ്ലാമിക അധ്യാപനങ്ങളുടെ വൃത്തിഹീനമായ മുഖം അവർ പ്രദർശിപ്പിക്കുകയില്ല.

മനസ്സിലാക്കുക ! വിധിനാളിൽ നാം ഓരോരുത്തരും ചെയ്യുന്ന ഓരോ പ്രവർത്തിയുടെയും കണക്ക് അല്ലാഹുവിന്റെ മുൻപിൽ സമർപ്പിക്കേണ്ടി വരും. നിങ്ങളിൽ ഓരോരുത്തരും അവന്റെ / അവളുടെ ഉത്തരവാദിത്വം രക്ഷകർത്താവെന്ന നിലയിലും അവന്റെ / അവളുടെ കുട്ടികൾ / യുവതീ യുവാക്കൾ എന്ന നിലയിലും സമർപ്പിക്കേണ്ടി വരും. ഈ യുവതീ യുവാക്കൾ കരുതുന്നത് അവർ എന്ത് ആഗ്രഹിക്കുന്നുവോ അതവർക്ക് ചെയ്യുവാനുള്ള കഴിവ് ഉണ്ട് എന്നാണ്. അവർ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് പോലും ബോധവാന്മാർ / ബോധവതികളല്ല ! അവരുടെ പ്രവർത്തനങ്ങളുടെ അനന്തരഫലത്തെക്കുറിച്ച് അവരധികം ചിന്തിക്കാറുമില്ല. അവർ ചെയ്യുന്ന കാര്യങ്ങളിൽ വലിയ വ്യാമോഹങ്ങളൊന്നുമില്ലാത്തവരാണ്. അതുമൂലം അവർ എന്തു പ്രശ്നങ്ങളിലാണ് സ്വയം ആപതിക്കുന്നതെന്നും ചിന്തിക്കാറില്ല. തെറ്റുകൾ അവർ മനസ്സിലാക്കുമ്പോൾ, അവർ വളരെ വൈകിപ്പോയിരിക്കും. മറ്റുള്ളവർ കാണിക്കുന്ന പ്രവർത്തനങ്ങളുടെ മായാവലയത്തിൽ പെട്ട് (അവരെ അനുകരിച്ചുകൊണ്ട്) മുസ്ലീം പെൺകുട്ടികൾ സ്വയം മുൻകടന്നു പോകുന്നത് സംബന്ധിച്ച് അപഗ്രഥനം നടത്തിയാൽ അവരെപ്പറ്റിയുള്ള യഥാർത്ഥ ചിത്രം ലഭിക്കുന്നതാണ്. ആയതിനാൽ ഓരോ രക്ഷകർത്താവും, അവരുടെ ജമാഅത്തിലെ ഉത്തരവാദിത്വമുള്ള ഓരോരുത്തരും, ലജ്ജിക്കേണ്ടതാണ്, അവർ പ്രശ്ന പരിഹാരം കണ്ടെത്തേണ്ടതാണ്. ഈ മുസ്ലീം പെൺകുട്ടികളെയും ആൺകുട്ടികളെയും തെറ്റായ പാതയിൽ നിന്നും രക്ഷിക്കുവാൻ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഈ കാര്യം നാം ഓരോരുത്തരെയും സ്പർശിക്കേണ്ടത് തന്നെയാണ്. നാം വലിയ പ്രവർത്തനങ്ങൾ തന്നെ ചെയ്യേണ്ടതുണ്ട്. പ്രാർത്ഥനകൾ നടത്തേണ്ടതുണ്ട്. അവരുടെ ജീവിതത്തിൽ ഉടനീളം അവർ മറ്റുള്ളവരെ അനുകരിച്ചുകൊണ്ടിരിക്കുകയാണ്. അമുസ്ലീങ്ങൾ, അവർ, ഇഹലോക കാര്യത്തിൽ മാത്രം വ്യാപൃതരാണ് എന്ന് നാം മനസ്സിലാക്കണം. ആയതിനാൽ നമ്മുടെ യുവതീ യുവാക്കളെ അവരുടെ മാതൃക സ്വീകരിക്കുവാൻ ഇടയാക്കരുത്. ആയതിനാൽ നല്ല ശിക്ഷണം (ആത്മീയ വിദ്യാഭ്യാസം) നൽകേണ്ടതുണ്ട്. ശിക്ഷണ ക്ലാസിനുള്ള സമയവും അവസരവും ഈ യുവതീ യുവാക്കൾക്കായി കണ്ടെത്തേണ്ടതുണ്ട്. അത്തരം ക്ലാസുകളിൽ പങ്കെടുക്കുവാൻ അവരെ പ്രേരിപ്പിക്കേണ്ടതാണ്. അവരെ മനസ്സിലാക്കി കൊടുക്കൽ അനിവാര്യമാണ്, നാം മാതൃകാ പുരുഷ

നായി സ്വീകരിക്കേണ്ടത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെയാണ് എന്ന് ! നാം അദ്ദേഹത്തിന്റെ കാല്പാദങ്ങളെയാണ് പിന്തുടരേണ്ടത് ! മറ്റുള്ളവരെ ഇക്കാര്യത്തിൽ സഹായിക്കുക എന്നത് നമ്മുടെ കടമയാണ്.

ഇക്കാലത്ത് യുവതീ യുവാക്കൾ വഴികേടിലായെങ്കിൽ, അതിൽ രക്ഷകർത്താക്കൾക്കും ഒരു വലിയ പങ്കുണ്ട്. ഇപ്പോൾ മദ്റസകൾ പരിശോധന വിധേയമാക്കുമ്പോൾ, (പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള) നാം ഒരു സത്യം മനസ്സിലാക്കുന്നു. അതായത് വളരെയധികം മദ്റസകളിലും കുട്ടികൾ തുലോം കുറവാണ്. നമ്മുടെ മത പാഠങ്ങൾ പഠിക്കുന്നതിന് മദ്രസ്സകളിൽ വിടുന്നതിൽ നല്ലൊരു ശതമാനം രക്ഷകർത്താക്കളും തൽപരരല്ല. കാരണം ഈ താത്ക്കാലിക ലോക ജീവിതത്തിൽ മതവിദ്യാഭ്യാസത്തിന് യാതൊരു വിലയും ഇല്ലാത്തതുപോലെ! ഞാൻ വീണ്ടും നിങ്ങളോട് പറയുന്നു. രണ്ടും പ്രധാനപ്പെട്ടതു തന്നെയാണ്. അത് ഭൗതിക വിദ്യാഭ്യാസമാകട്ടെ ഇസ്ലാമിക വിദ്യാഭ്യാസമാകട്ടെ ! ഓർക്കുക! റമദാൻ ആസന്നമാകാൻ ഇനി വെറും 5 മാസങ്ങൾ മാത്രമാണുള്ളത് (നാം ഇപ്പോൾ അടുത്തവർഷത്തെ സഫറിലാണ്) റമദാന് മുമ്പുണ്ടായിരുന്ന അവസ്ഥയിലേക്ക് (എല്ലാ ജമാഅത്തുകളുടെയും) പള്ളികൾ ആയി കഴിഞ്ഞു. പള്ളികളെ സംബന്ധിച്ച് ഒരു സർവേ നടത്തിയാൽ, നമുക്ക് മനസ്സിലാകും മിക്കവാറും പള്ളികൾ ശൂന്യമാണെന്ന്! കഴിഞ്ഞ റമദാൻ മാസം കഴിഞ്ഞതോടെ പള്ളികൾ അടയ്ക്കപ്പെട്ടു കഴിഞ്ഞു. റമദാൻ മാസത്തിൽ മാത്രം നല്ല പ്രവർത്തികൾ ചെയ്താൽ മതി എന്ന് കരുതുവാൻ നമുക്കാവില്ല. റമദാന് ശേഷം ആ നല്ല പ്രവർത്തനങ്ങൾ നമുക്ക് നിർത്തി വയ്ക്കുവാനും സാധ്യമല്ല.

ആയതിനാൽ, രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികൾ എല്ലാ പരിധികളും വിട്ടുപോകുവാൻ അനുവദിച്ചിരിക്കുന്നു. നിങ്ങൾ, രക്ഷകർത്താക്കൾ, പണത്തിന്റെ പിറകെ ഓടുകയാണ്. എന്നാൽ നാളെ ഈ പണം കൊണ്ട് നിങ്ങളുടെ കുട്ടികളുടെ ഭാവി തിരിച്ചു വാങ്ങുവാൻ കഴിയില്ല. അന്നത് വളരെ വൈകിപ്പോയിരിക്കും. റമദാൻ മാസത്തിൽ മാത്രം ഇബാദത്തും നല്ല പ്രവർത്തനങ്ങളും ചെയ്യുക എന്നത് യഥാർത്ഥ ദീനല്ല. റമദാന് ശേഷവും സർവ്വ ശക്തനായ അല്ലാഹുവിന്റെ പാത പിന്തുടരേണ്ടത് തന്നെയാണ്! അതിലാണ് നിങ്ങളുടെ സൗഭാഗ്യം! നിങ്ങളുടെ നിത്യജീവിതത്തിലുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം കുടികൊള്ളുന്നതും അതിലാണ്. ഇക്കാലത്ത് നാം കാണുന്നു. മുസ്ലീം യുവതീ യുവാക്കൾ (ഞാൻ എല്ലാവരെയും ഇതിലൂടെ ലക്ഷ്യമാക്കുന്നില്ല ഇസ്ലാമിക അധ്യാപനങ്ങളെയും ചര്യകളെയും പിന്തുടരുന്നവരുണ്ട്) അമുസ്ലീങ്ങളുടെ ഫാഷൻ സെൻസിനെ അനുകരിക്കുന്നവരുണ്ട്, ഈ അനുകരണത്തിനിടയിൽ അവർക്ക് മുസ്ലീംകളെന്ന നിലയിലുള്ള അവരുടെ വ്യക്തിത്വം നഷ്ടമാകുന്നു. യഥാർത്ഥ ഇസ്ലാമിക ചര്യയിൽ നിന്നും അവർ വിദൂരമാക്കപ്പെടുന്നു. ഈ സാഹചര്യം മൊത്തത്തിൽ മാറേണ്ടതുതന്നെയാണ്. ഇൻശാ അല്ലാഹ് !

അല്ലാഹു (ത) നമ്മുടെ പാപങ്ങളെല്ലാം പൊറുത്തു തരട്ടെ ! അല്ലാഹു (ത) ഏറ്റവുമധികം പൊറുത്തു തരുന്നവനാണ്. ആമീൻ. സുമ്മ ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*